ഉത്തരം

(എ) ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികളായ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി, ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനി, ഓറിയൻറൽ ഇൻഷ്വറൻസ് കമ്പനി, നാഷണൽ ഇൻഷ്വറൻസ് കമ്പനി എന്നീ ഏജൻസികളും വഴിയാണ് കന്നുകാലി ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നത്.

(ബി) സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ടുമെൻറിൽനിന്നും കന്നുകാലി ഇൻഷ്വറൻസ് നടപ്പാക്കുന്നതിനുള്ള ഒരു പദ്ധതിയും മൃഗസംരക്ഷണ വകുപ്പിന് ഇതുവരെ ലഭിച്ചിട്ടില്ല.

ബീജദാന കേന്ദ്രങ്ങൾ

38 [1971] ഡോക്ടർ കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ എത്ര ബീജദാന കേന്ദ്രങ്ങൾ (ഐ. സി. ഡി. പി. സബ് സെൻററുകൾ) നിലവിലുണ്ട്;

(ബി) ഇതിൽ എത്ര ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഉണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മൃഗസംരക്ഷണ വകുപ്പിൽ 892 ഐ. സി. ഡി. പി. ഉപകേന്ദ്രങ്ങൾ ഉണ്ട്. ഇവയ്ക്ക് പുറമേ 941 മൃഗസംരക്ഷണ സ്ഥാപനങ്ങളിലും ബീജദാന സൗകര്യങ്ങൾ നിലവിലുണ്ട്.

(ബി) മൃഗസംരക്ഷണവകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ 2365 തസ്തികകളാണുള്ളത്. ഇതിൽ 1250 തസ്തികകളിൽ മാത്രമേ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ ഉള്ളൂ.

ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ഒഴിവുകൾ

39 [1973] ശ്രീ. ഇ. ശങ്കരൻ:
,, എം. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ജില്ലകളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവെന്ന് വ്യക്തമാക്കാമോ; അതിൽ ഓരോ ജില്ലയിലും എത്രപേരെ വീതം നിയമിച്ചുവെന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ അയച്ചുവെന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) നിലവിലുള്ള ഒഴിവുകൾ നികത്താൻ മൃഗസംരക്ഷണ വകുപ്പ് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, ഇടുക്കി, കോട്ടയം, പാലക്കാട്, കാസർകോട്, വയനാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ എൽ. ഐ.-മാരുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ രണ്ടുപേരേയും ഇടുക്കി ജില്ലയിൽ നാലുപേരേയും നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് '59' പേർക്കും' ഇടുക്കിയിൽ '39' പേർക്കും കോട്ടയത്ത് '2'പേർക്കും കോഴിക്കോട് '74'പേർക്കും മലപ്പുറത്ത് '15' പേർക്കും അഡൈവസ് മെമ്മോ നൽകിയിട്ടുണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ നികത്താൻ ജില്ലാ പി.എസ്.സി. ആഫീസർമാരോട് ലിസ്റ്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

മൃഗസംരക്ഷണവകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്നതിന് നടപടി

40 [1974] ശ്രീ. സത്യൻ മൊകേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണവകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്പെഷ്യൽ റൂൾസ് സംബന്ധിച്ച് വിവിധ സംഘടനകളുമായി സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) ഈ ചർച്ചകളുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തീരുമാനങ്ങൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സർവ്വീസ് സംഘടനകളുമായി ചർച്ചചെയ്തെടുത്ത തീരുമാനങ്ങൾക്കെതിരായി ചില നിബന്ധനകൾ ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾസ് നടപ്പാക്കുന്നതായുള്ള ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശമ്പള പരിഷ്കരണത്തിന്റെ ഫലമായി ഗസറ്റഡ് തസ്തികയിലേക്ക് മാറ്റപ്പെട്ട ചില വിഭാഗങ്ങളെ സ്റ്റേറ്റ് സർവ്വീസിൽ കൊണ്ടുവരുന്നതിനു വേണ്ടി ''സ്പെഷ്യൽ റൂൾസ്'' ഭേദഗതി ചെയ്യുക, ചില തസ്തികകളുടെ പേരു മാറ്റുക, മേൽ സൂചിപ്പിച്ച ഗസറ്റഡ് തസ്തികകളിൽ ചിലവയിലേക്ക് നിയമനം നൽകുന്നതിനു പരിഗണിക്കേണ്ട ''ഫീഡർ തസ്തിക'' യോഗ്യത, കുറഞ്ഞ സേവന ദൈർഘ്യം എന്നിവ സംബന്ധിച്ച ലിസ്റ്റിൽ മാറ്റം വരുത്തുക എന്നീ കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly